## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

## പ്രവചന കാലയളവ് 17 .11.2022 മുതൽ 21.12.2022 വരെ

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 50/2022,(100) വെള്ളിയാഴ്ച | തീയ്യതി 16/12/2022 |
|---|---|

### 2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 17.12.2022 | 18.12.2022 | 19.12.2022 | 20.12.2022 | 21.12.2022 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0.1 | 0.1 | 0.5 |
| ഉയർന്ന താപനില (°C) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 10 | 10 | 10 | 10 | 10 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 270 | 270 | 270 | 270 |
| മേഘ വ്യാപ്തി (ഒക്ടാ ) | 2 | 2 | 6 | 7 | 8 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ വളരെ നേരിയ തോതിൽ മഴയ്ക്ക സാധ്യത. കേരളത്തിൽ ശരാശരി മഴയ്ക്ക് സാധ്യത.

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 ഡിസംബർ 17 | 2022 ഡിസംബർ 18 | 2022 ഡിസംബർ 19 | 2022 ഡിസംബർ 20 | 2022 ഡിസംബർ 21 |
|---|---|---|---|---|
| മഴ ഇല്ല | മഴ ഇല്ല | വളരെ നേരിയ മഴ | വളരെ നേരിയ മഴ | വളരെ നേരിയ മഴ |

### 3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും

പൊതുനിർദേശങ്ങൾ:- കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് (മുണ്ടകൻ) | ഓലചുരുട്ടിപ്പുഴു | മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുമ്പോൾ ഓലചുരുട്ടിപ്പുഴുവിനെ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ഒരു ഏക്കർ പാടശേഖരത്തിന് 2 സി സി. ട്രൈക്കോ കാർഡ് ചെറു കഷണങ്ങളായി മുറിച്ചു വയലിന്റെറ പല ഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തിവെക്കുക. അല്ലെങ്കിൽ 3 മിലി ക്ലോറൻട്രാനിലിപ്പോൾ പത്ത് ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| പാവൽ | മൃദുരോമ പൂപ്പൽ | ഉണങ്ങിയതും രോഗബാധയേറ്റതുമായ ഇലകളും വള്ളികളും മുറിച്ചു മാറ്റി നശിപ്പിച്ചതിന് ശേഷം മാങ്കോസെബ് എന്ന കുമിൾ നാശിനി 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. |
| ശീതകാല പച്ചക്കറികൾ | പരിചരണം | പറിച്ച് നട്ട് 40 ദിവസങ്ങൾക്ക് ശേഷം ഒരു സെന്റിന് 650 ഗ്രാം യൂറിയ, 400 ഗ്രാം പൊട്ടാഷ് എന്നിവ ഗഡു വളം ആയി നൽകുക |
| വൃക്ഷ വിളകൾ | പിങ്ക് രോഗം | ഹെക്സകൊണസോൾ 5 ഇ.സി. 2 മി.ലി. ഒരു ലി. വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക. മഴ മാറിയ ശേഷം രോഗ ബാധിതമായ ഭാഗങ്ങൾ മുറിച്ചു മാറ്റിയ ശേഷം മുറിവിൽ 10 % ബോർഡോ മിശ്രിതം അല്ലെങ്കിൽ കോപ്പർ ഓക്സി ക്ലോറൈഡ് (10 ഗ്രാം./ലി.) തേച്ചു കൊടുക്കുക. |

ശൈത്യകാല സംരക്ഷണം മുട്ടക്കോഴികളിൽ:-വൈറസ് / ബാക്ടീരിയ രോഗങ്ങൾക്കെതിരെ വാക്സിനേഷൻ/ ആൻറിബയോട്ടിക് നൽകുക. തീറ്റ ഫംഗൽ ബാധ ഏൽക്കാതെ സൂക്ഷിക്കുക. ശൈത്യകാലത്ത് മുട്ടയുൽപ്പാദനം കുറയാതിരിക്കാൻ കൂട്ടിനുള്ളിൽ 16 മണിക്കൂർ വരെ ബൾബ് വെളിച്ചം നൽകുക.

മൃഗസംരക്ഷണം:- സൗജന്യ കുളമ്പു രോഗ കുത്തിവെപ്പ് കാമ്പയിൻ-കേരള സർക്കാർ മൃഗ സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന സൗജന്യ കുളമ്പു രോഗ കുത്തിവെപ്പ് ഡിസംബർ 20 വരെ നീട്ടിയിരുന്നു കേരള സർക്കാർ മൃഗ സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന സൗജന്യ കുളമ്പു രോഗ കുത്തിവെപ്പ് ഡിസംബർ 20 വരെ നീട്ടിയിരുന്നു